# സാഹിത്യ വാരഫലം

ഡോക്ടർ
കെ. ഭാസ്കരൻനായർ

ഫ്രഞ്ച് നരവംശ ശാസ്ത്രജ്ഞൻ ക്ലോദ് ലെവി സ്ട്രൗസ് എഴുതിയ "ത്രീസ്റ്റ് ത്രൂപീക്" ഈ ശതാബ്ദത്തിലെ മഹനീയങ്ങളായ ഗ്രന്ഥങ്ങളിൽ ഒന്നാണ്. A masterpiece · incomparable — one of the great books of our Century എന്നു സൂസൻ സൊൺടാഗ് അതിനെ വാഴ്ത്തി. നരവംശ ശാസ്ത്രജ്ഞനും ജീവശാസ്ത്രകാരനും ആയ റോബർട്ട് ആർഡ്രെ അതിനെപ്പററി പറഞ്ഞതു് "A magical masterpiece of anthropology, of literature, of human thought എന്നാണ്. ചിന്തയുടെയും ഭാവനയുടെയും ഉച്ചസ്ഥാനമെത്തിയ "ത്രീസ്റ്റ് ത്രൂപീക്" വായിക്കാൻ ഞാൻ പ്രിയപ്പെട്ട വായനക്കാരോടു അഭ്യർത്ഥിക്കുന്നു. ഈ പുസ്തകത്തിൽ വനത്തിന്റെ മാഹാത്മ്യം വർണ്ണിക്കുന്ന ഒരധ്യായമുണ്ട്. അതിലൊരിടത്തു് ക്ലോദ് ലെവി സ്ട്രൗസ് പറയുന്നു:– "But once you break through the surface skin [of the Amazonian forest — M K N] and go inside, everything changes: seen from within, the chaotic mass becomes a monumental universe. The forest ceases to be a terrestrial distemper; it could be taken for a new planetary world, as rich as our world and replacing it." വനം നമ്മൾ താമസിക്കുന്ന നാഗരിക പ്രദേശങ്ങൾപോലെ സമ്പന്നമാണ്; അതൊരു നൂതന ലോകമാണ് എന്നാണ് ലെവി സ്ട്രൗസ് പ്രഖ്യാപിക്കുന്നതു്. കാതുകൊടുത്തിരിക്കുന്ന സ്വർഗ്ഗത്തോടു സംസാരിക്കാൻ ഭൂമി അനന്തമായി ശ്രമിക്കുന്നതിന്റെ ചിത്രങ്ങളായി വൃക്ഷങ്ങളെ കാണണമെന്നു പറഞ്ഞു് രവീന്ദ്രനാഥടാഗോർ വനത്തെ പ്രശംസിക്കുന്നു. വനത്തിന്റെ മാഹാത്മ്യം സ്ഥാപിക്കാൻവേണ്ടി ഇതുപോലെ മഹാന്മാരുടെ വാക്യങ്ങൾ എടുത്തെഴുതണമെന്നില്ല. സൂര്യനു പ്രകാശമുണ്ടെന്നു പറയണമെങ്കിൽ അതിനു യോജിക്കുന്ന ഒരാശയത്തിന്റെ കഴുത്തിൽ കയറുകെട്ടി വലിച്ചു് അതിനെ ബഹുജനത്തിന്റെ മുൻപിൽ കൊണ്ടുനിർത്തേണ്ടതില്ല. ഇതു മനസ്സിലാക്കിക്കൊണ്ടു് രണ്ടു മഹാവ്യക്തികളുടെ വാക്യങ്ങൾ ഇവിടെ ഉദ്ധരിച്ചതേയുള്ളു:

വനത്തിന്റെമേലുള്ള മനുഷ്യന്റെ വിനാശാത്മകങ്ങളായ ആഘാതങ്ങളെക്കുറിച്ചു് ഡോക്ടർ കെ. ഭാസ്കരൻനായർ എഴുതിക്കണ്ടപ്പോൾ (മാതൃഭൂമി ആഴ്ചപ്പതിപ്പ് — ലക്കം 19) ഞാൻ ലെവി സ്ട്രൗസിനെയും ടാഗോറിനെയും ഓർമ്മിച്ചുപോയതാണ്. വായിക്കേണ്ട പ്രബന്ധമാണതു്; അതുയർത്തുന്ന പ്രശ്നങ്ങൾക്കു് (ചോദ്യങ്ങളെന്ന അർത്ഥത്തിൽ) ഉത്തരങ്ങൾ കണ്ടുപിടിക്കേണ്ടതാണ്; ഉത്തരങ്ങൾ ലഭിച്ചാലും അതു നമ്മൾ വീണ്ടും വായിക്കണം. കാരണം ജീവസാധകമായ സന്ദേശം അതു് ഉൾക്കൊള്ളുന്നു എന്നതാണ്.

വനനശീകരണം [നശം എന്നൊരു വാക്കു് ഇല്ലാത്തതുകൊണ്ടു് നശീകരണം ശരിയല്ലെന്നു വൈയാകരണൻ പറയും.] ഇക്കാലത്തെ ഏർപ്പാടല്ല. യൂറോപ്പ്, ഇന്ത്യാ, ചൈന എന്നീ രാജ്യങ്ങളിലെ ഇന്നത്തെ മരുഭൂമികൾ ഒരിക്കൽ മരുഭൂമികളായിരുന്നില്ല. അതിരുകടന്ന ഗോചരണം (grazing) കൊണ്ടു് "സസ്യശ്യാമ



Digitized by Kerala Sahitya Akademi

ളുണ്ടായിരുന്ന ഭൂവിഭാഗങ്ങൾ മണൽക്കാട്ടുകളായി മാറിയതാണ്. ഗ്രീക്ക് ഭൂവിഭാഗങ്ങളിൽ വനസംഹാരം നടന്നതുകൊണ്ട് ആ സ്ഥലങ്ങൾ മരുഭൂമികളായി മാറിയെന്ന് പ്ളേറ്റോ "ക്രിഷീയസി"ൽ പറയുന്നു. (ക്രിഷീയസ് പ്ളേറ്റോയുടെ ബന്ധുവാണ്. പ്ളേറ്റോയുടെ "സംഭാഷണങ്ങളിൽ" ഒരു കഥാപാത്രമായി അദ്ദേഹം പ്രത്യക്ഷനാകുന്നു) പണ്ട് ധാരാളം വനങ്ങളുണ്ടായിരുന്നുവെന്നും അവ മൃഗങ്ങൾക്കു ധാരാളം ഭോജ്യം നല്കിയിരുന്നുവെന്നും പ്ളേറ്റോ പ്രസ്താവിക്കുന്നു. ആ വനങ്ങൾ ജലം സംഭരിച്ചുവച്ചിരുന്നു. അതു് നദികളായും പൂഞ്ചോലകളായും പ്രവഹിച്ചിരുന്നു. രാജ്യങ്ങൾ അങ്ങനെ ഐശ്വര്യമാർജ്ജിച്ചു. പക്ഷേ, മനുഷ്യന്റെ വനസംഹാരപ്രവണതകൊണ്ട് രാജ്യം രോഗംപിടിച്ച് എല്ലിൻകൂട്ടപോലെയായി. (Attica became a skeleton of a body wasted by disease—plato) ഇതൊക്കെ സത്യമാണെങ്കിലും മനുഷ്യൻ തന്റെ തെറ്റ് മനസ്സിലാക്കിയപ്പോൾ വനസംഹാരത്തിന് അറുതിവരുത്തി. ആധുനികമനുഷ്യൻ ആ തെറ്റ് മനസ്സിലാക്കിക്കൊണ്ട് വീണ്ടും തെറ്റുകൾ ചെയ്യുന്നു. വിശേഷിച്ചും ഭാരതീയൻ; അതിലും വിശേഷിച്ച് കേരളീയൻ, ഡോക്ടർ ഭാസ്കരൻനായർ പറയുന്നതുപോലെ അവൻ 'ഇലക്ട്രിസിറ്റി തിന്നാൻവേണ്ടി'മാത്രം പ്രകൃതിയെ നശിപ്പിക്കുന്നു. ഡി. എച്ച്. ലോറൻസ് എന്ന മഹാൻ ഓരോ രാജ്യത്തിനും അതിന്റേതായ ചൈതന്യമുണ്ടെന്നു പറഞ്ഞിട്ടുണ്ട്. "Every continent has its own great spirit of place. Every people is polarized in some particular locality, which is home, the homeland. Different places on the face of the earth have different vital effluence, different vibration, different chemical exhalation, different polarity with different stars: call it what you like. But the spirit of place is a great reality."

ഈ രാജ്യത്തിനു അതിന്റേതായ പ്രസ്രവണങ്ങളും സ്പന്ദനങ്ങളും ഉണ്ട്. അതു വനങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു. കാട്ടുകളെ നശിപ്പിക്കുന്ന നഗരത്തിലെ ഈ കാട്ടാളൻ രാജ്യത്തിന്റെ തനതായ ചൈതന്യത്തെ ഇല്ലാതാക്കുകയാണ്. തന്നെ ഭീഷണിപ്പെടുത്തുകയും അടിമപ്പെടുത്തുകയും ചെയ്ത പ്രാകൃതികശക്തികളെ ജയിച്ച മനുഷ്യൻ എന്നും ആ ശക്തികളെ ഭരിച്ചിരുന്നില്ല. തന്നെ ശ്വാസംമുട്ടിച്ചിരുന്ന ടെക്നോളജിയിൽനിന്നും പരിഷ്കാരത്തിൽനിന്നും മുക്തിനേടി അവൻ വനത്തിന്റെ സംഗീതം കേൾക്കാൻ പോയിട്ടുണ്ട്. അതു പഴയ മനുഷ്യന്റെ കഥ. ഇന്നത്തെ മനുഷ്യൻ എല്ലാം നശിപ്പിക്കുന്നു. വനത്തെമാത്രമല്ല സംസ്കാരത്തെയും. ആധുനിക കലയും സാഹിത്യവും ഈ സംഹാരത്തിന്റെ ദയനീയമായ ചരിത്രം വിളിച്ചോതുന്നു. ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്നതു ഇരിക്കട്ടെ. ഏകാഗ്രതകൊണ്ട് ഏതു കാര്യവും സാധിക്കാമല്ലോ. ആ ഏകാഗ്രതയ്ക്കു മനുഷ്യനെ സഹായിക്കുന്ന വിഗ്രഹങ്ങൾപോലും അവൻ ഇളക്കിമറിക്കുന്നു. സമകാലിക സമുദായത്തിന്റെ എല്ലാ ജീർണ്ണതകളിലേക്കും ഡോക്ടർ ഭാസ്കരൻനായർ കൈചൂണ്ടുന്നുണ്ട്. ചൂടും തണുപ്പുമുള്ള ശൈലിയാണ് അദ്ദേഹത്തിന്റേതു്. ആ ശൈലിയിൽ ബുദ്ധിശക്തി വെട്ടിത്തിളങ്ങുന്നു. വായനക്കാരൻ രാജ്യത്തിന്റെ ജീർണ്ണത കണ്ടു ഞെട്ടുന്നു; ശൈലിയുടെയും ചിന്തയുടെയും മനോഹാരിത കണ്ട് ആഹ്ളാദിക്കുന്നു. അനുഗൃഹീതനായ കവി പി കുഞ്ഞിരാമൻനായരുടെ കാവ്യം എടുത്തെഴുതിക്കൊണ്ടാണ് ഡോക്ടർ ഭാസ്കരൻനായർ പ്രബന്ധം അവസാനിപ്പിക്കുന്നത്.

## ആത്മപ്രശംസ

എച്ച്. ജി. വെൽസ് പ്രഭാഷണം പ്രക്ഷേപണംചെയ്യാൻ ബി. ബി. സിയിലേക്കുപോകുകയായിരുന്നു. തീവണ്ടി ഒരു ലവൽക്രോസ്സിങ്ങിൽനിന്നു പാളത്തിൽ പണിചെയ്തുകൊണ്ടിരുന്ന കൂലിക്കാരൻ തീവണ്ടിക്കകത്തിരുന്ന വെൽസി

---

**എം. കൃഷ്ണൻനായർ**

Digitized by Kerala Sahitya Akademi

നെ നോക്കിക്കൊണ്ടു പറഞ്ഞു:— "Mr. Wells, you are broadcasting tonight? Well, I will be listening to you." ഇതു കേട്ടപ്പോൾ വെൽസിനു പരിഭ്രമമായി, പ്രൗഢമായി വിദഗ്ദ്ധജനോചിതമായി എഴുതിവച്ച പ്രബന്ധം കൈയിലുണ്ടു. ഈ കൂലിക്കാരനു് അതിലെ ഒരു വാക്കുപോലും മനസ്സിലാവില്ല. അദ്ദേഹം ഉപന്യാസം കീറി ദൂരെയെറിഞ്ഞു. റേഡിയോസ്റ്റേഷനിൽച്ചെന്നു് അപ്പോൾ തോന്നിയതു് കൂലിക്കാരനു മനസ്സിലാകുന്ന ഭാഷയിൽ അദ്ദേഹം പറഞ്ഞു. ഇപ്പോൾ ബി. ബി. സിയിൽ Remember the man at the level crossing എന്നു എഴുതിവച്ചിട്ടുണ്ടത്രേ.

ഈ ലേഖനങ്ങൾ എഴുതുമ്പോഴും എനിക്കു ലവൽക്രോസ്സിങ്ങിലെ ജോലിക്കാരനെയാണു് ഓർമ്മ. അതുകൊണ്ടു മുകളിലത്തെ ഖണ്ഡികകളിൽ കുറിച്ചിട്ട സാധാരണ വിചാരങ്ങൾക്കു പോലും ഗഹനത വന്നുപോയിയെന്നു തോന്നുന്നു. എറണാകുളത്തെ ലൂസിയ ഹോട്ടലിൽ നിന്നു കാലത്തു് അഞ്ചുമണിക്കു ഇറങ്ങി ബസ്സ്സ്റ്റേഷനിൽ ചെന്നു; വ്യാഴാഴ്ച കിട്ടുന്ന മലയാളനാട്ടു വാരിക വാങ്ങാൻ. അവിടെ അവ്യക്തമായ വെളിച്ചത്തിന്റെ താഴെയിരുന്നു രണ്ടു ചുമടെടുപ്പു് പണിക്കാർ മലയാളനാട്ടു വായിക്കുന്നു. എന്താണു് വായിക്കുന്നതെന്നു ഞാൻ നോക്കി. സാഹിത്യവാരഫലം ഒരാൾ വായിക്കുന്നു മറ്റെയാൾ കേൾക്കുന്നു. ഇന്നലെ തിരുവനന്തപുരം കമ്പിയാപ്പീസിലെ ഉദ്യോഗസ്ഥനായ ശ്രീ. പ്രേമചന്ദ്രനെ കണ്ടു. അദ്ദേഹം പറഞ്ഞു: കഴിഞ്ഞയാഴ്ച ഞാൻ ബോംബെയിൽ പോയിരുന്നു. തീവണ്ടിയാപ്പീസിൽ നിന്നിറങ്ങി ഇടത്തോട്ടു തിരിഞ്ഞു് അല്പം നടന്നപ്പോൾ നാലുപേർ ചേർന്നിരുന്നു മലയാളനാട്ടു വായിക്കുന്നതു ഞാൻ കണ്ടു. അവർ സാഹിത്യവാരഫലം വായിച്ചു് രസിക്കുകയായിരുന്നു. ആ നാലുപേരും റെയിൽവേസ്റ്റേഷനിലെ ചുമടെടുപ്പുകാരാണു്." വിദ്യാഭ്യാസം വളരെയൊന്നുമില്ലാത്തവരെപ്പോലും വായനയ്ക്കു പ്രേരിപ്പിക്കുന്ന ഗുണമോ ദോഷമോ ഈ ലേഖനപരമ്പരയ്ക്കുണ്ടല്ലോ. അതുമതി. പണ്ഡിതമ്മന്യന്മാർ, കവിമാനികൾ എന്തും പറയട്ടെ. ഈ ലേഖനങ്ങളെ നിന്ദിക്കുന്നതു് ചില കവിമാനികളുടെയും വിമർശകമാനികളുടെയും ജോലിയായതുകൊണ്ടാണു് അനുചിതമായി ഇത്രയും എഴുതേണ്ടിവന്നതു്.

## വേദനയില്ലാത്ത സൃഷ്ടി

"കളിമണ്ണിൽനിന്നു് ഒരു ചെറിയ ആശയം ഞാൻ നിർമ്മിക്കുന്നു, ഞാനതു കൈയിൽ വയ്ക്കുന്നു എനിക്കതു തിരിക്കാം. താഴെനിന്നു നോക്കാം. മുകൾവശത്തുനിന്നു നോക്കാം. ആകാശത്തിനു നേരെ പിടിക്കാം. ഏതു അളവിൽ വേണമെങ്കിലും അതിനെ സങ്കല്പിച്ചെടുക്കാം. ഏതെങ്കിലും സൃഷ്ടിക്കുന്ന ഈശ്വരനെപ്പോലെ അതിനെ എന്റെ നിയന്ത്രണപരിധിയിൽ കൊണ്ടുവരികയും ചെയ്യാം" ലോകപ്രശസ്തനായ പ്രതിമാനിർമ്മാതാവു് ഹെൻറി മൂർ സ്വന്തം സർഗ്ഗാത്മകതയെക്കുറിച്ചു പറഞ്ഞതാണിതു്. ആ കളിമണ്ണുകൊണ്ടുണ്ടാക്കിയ പ്രതിമ ലോകത്തെ അമൂല്യങ്ങളായ വസ്തുക്കളിൽ ഒന്നായിത്തീരുകയും ചെയ്യും. മാതൃഭൂമിയിൽ "ഒത്തുതീർപ്പ്"എന്ന ചെറുകഥയെഴുതിയ ശ്രീ ടി കെ. സി. വടുതലയും കൈയിൽ കളിമണ്ണെടുത്തിരിക്കുന്നു. അദ്ദേഹം അതു് എത്ര ഉരുട്ടിയിട്ടും തിരിച്ചിട്ടും രൂപപ്പെടുത്തിയിട്ടും കളിമണ്ണുതന്നെ. ഒടുവിൽ മറുമാർഗ്ഗമില്ലാതെ അദ്ദേഹം അതു വായനക്കാരന്റെ മുഖത്തേക്കു എറിയുന്നു. കണ്ടൻമൂപ്പൻ പുലയവർഗ്ഗത്തിൽ പെട്ടവനാണു്. സ്ഥലത്തെ പ്രധാനപ്പെട്ട ചട്ടമ്പി ദേവസ്സി കണ്ടനെ ആക്ഷേപിച്ചു കണ്ടൻ വിട്ടുകൊടുക്കില്ലെന്നു മനസ്സിലായപ്പോൾ ദേവസ്സി കണ്ടനോടു് അനുരഞ്ജനത്തിനു സന്നദ്ധനായി. എന്നിട്ടും മറ്റു ചിലർ വിട്ടില്ല. അവർക്കു പ്രതിഷേധയോഗം സംഘടിപ്പിച്ചേ മതിയാകൂ. കലാസൃഷ്ടിയുടെ ഒരു ധർമ്മവുമില്ലാത്ത കുറെ വാക്യസമാഹാരം. ദേവികുളത്തെയും നാഗപ്പൂരിലെയും ഓറഞ്ചുതോട്ടങ്ങളിൽ പച്ചഓറഞ്ചു് ഉള്ളിൽ രാസപ്രക്രിയനടത്തി പുളിപ്പിനെ മാധുര്യമാക്കി മാറ്റുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. ഒരോ ഓറഞ്ചും എന്തു വേദന അനുഭവിച്ചിരിക്കും. എന്തിനു നാഗപ്പൂരിൽ പോകുന്നു? എന്റെ മുറ്റത്തു് ഞാൻ കുഴിച്ചിട്ട കാശിത്തുമ്പയുടെ വിത്തു് പൊട്ടിമുളയ്ക്കുമ്പോൾ അതിനു



Digitized by Kerala Sahitya Akademi